# 30
# എന്താണ് ഒരു ഉപമ?
## (അദ്ധ്യായം 13)

അദ്ധ്യായം 13-ൽ, മത്തായി, പരീശന്മാരോടുള്ള ഏറ്റുമുട്ടലിൽനിന്നു വീണ്ടും യേശുവിന്റെ ഉപദേശത്തിലേക്ക് മാറ്റം വരുത്തുന്നു. ഈ സമയത്ത് എങ്ങനെയായാലും, യേശുവിന്റെ ഉപമകളിലാണ് മത്തായി ശ്രദ്ധിച്ചത്.

എന്താണ് ഒരു ഉപമ? *ഉപമ* എന്നത് സംയോജിക്കപ്പെട്ട വാക്ക് ആണ്, അർത്ഥം "കൂടെ എറിയുക." അറിയപ്പെടാത്തതിനെ വിവരിക്കുവാൻ അറിവുള്ള സത്യത്തെ ചിത്രീകരിക്കുന്നതാണ് ലളിതമായി പറഞ്ഞാൽ. ഈ സംഭവത്തിൽ ആത്മിയമായ സത്യങ്ങളാണ് വെളിപ്പെടുത്തിയിരിക്കുന്നത്. അറിയ-പ്പെടുന്ന നിർവ്വചനം ഉപയോഗിക്കുകയാണെങ്കിൽ ഇങ്ങനെ പറയാം "സ്വർഗീയ അർത്ഥത്തോടുകൂടിയ ഭൗമികമായ സംഭവം."

ഉപമകളിൽ ആദ്യം സംസാരിച്ചിരുന്നത് യേശു ആയിരുന്നില്ല. യെഹൂദ ഉപദേശങ്ങളിലെ പൊതുവായ പരിശീലനമായിരുന്നു അത്, പഴയനിയമത്തിൽ ഉപമകൾ അടിക്കടി ഉപയോഗിച്ചിട്ടുണ്ട്.[1] "ഉപമ" എന്നതിന്റെ എബ്രായ വാക്ക് *മാഷൽ* എന്നാണ്, അത് "സുഭാഷിതം, പഴ-ഞ്ചൊല്ല്, ചൊല്ല്, താരതമ്യം, കെട്ടുകഥ, കടംകഥ എന്നിങ്ങനെ പറയാവുന്നതാണ്."[2] അതുപോലെ, *ഉപമ* "സദൃശവാക്യമായും (ലൂക്കൊ. 4:23), കടങ്കഥയായും (മർ. 3:23), താരതമ്യമായും (മത്താ. 13:33), അന്തരമായും (ലൂക്കൊ. 18:1-8), ലളിതമായ കഥകളായും (ലൂക്കൊ. 13:6-9) സങ്കീർണ്ണമായ കഥകളായും പറയാം (മത്താ. 22:1-14)."[3] ക്രിസ്തുവിന്റെ സമയത്തിനു മുൻപും പിൻപുമുള്ള മറ്റു യെഹൂദ സാഹിത്യങ്ങളിലും ഉപമകൾ പറഞ്ഞിട്ടുണ്ട്.[4] തന്റെ നിർദ്ദേശങ്ങളിലെല്ലാം ഉപമകൾ ഉപയോഗിക്കുന്നതിൽ യേശു അഗ്രഗണ്യനായിരുന്നു.

*ഉപമ* എന്ന വാക്ക് പുസ്തകത്തിൽ ആദ്യമായി വരുന്നത് 13:3 ലാണ്, ഈ അദ്ധ്യായത്തിൽ ആ വാക്ക് പന്ത്രണ്ടു പ്രാവശ്യം കാണാം. മത്തായി പറഞ്ഞു, "പലതും ... ഉപമകളാൽ സംസാരിച്ചു." പിന്നീട് പറഞ്ഞു, "യേശു പുരുഷാരത്തോട് ഉപമകളായി പറഞ്ഞു, ഉപമ കൂടാതെ അവൻ ഒന്നും പറഞ്ഞില്ല" (13:34). മറ്റു അവസരങ്ങളിൽ അവൻ ഉപമ കൂടാതെ സംസാരിച്ചിട്ടുണ്ട്; എന്നാൽ ഈ അവസരത്തിൽ അവൻ ഉപമകളാൽ മാത്രമാണ് സംസാരിച്ചത്. യേശു ഈ വിധത്തിൽ ഉപദേശിക്കുവാൻ രണ്ടു കാരണങ്ങൾ നൽകിയിരിക്കുന്നു. ഒന്ന്, ആളുകൾക്ക് ആത്മിയ സത്യം മനസിലാക്കുവാനുള്ള കഴിവില്ലായ്മ (13:10-17), ആ സത്യം യേശു ശിഷ്യന്മാർക്ക് വെളിപ്പെടുത്തി കൊടുത്തിരുന്ന, പുരുഷാരത്തിന്റെ ഹൃദയം കഠിനമായിരുന്നതിനാൽ അവർക്ക് അവന്റെ ഉപദേശം മനസിലായിരുന്നില്ല. രണ്ടാമത്തെ കാരണം, മശിഹ വരുമ്പോൾ, അവൻ ഉപമകളാൽ ഉപദേശിക്കുമെന്ന പ്രവചനം നിവർത്തീകരിക്കേണ്ടിയിരുന്നു (13:34, 35; സങ്കീ. 78:2).

അദ്ധ്യായം 13-ൽ "കേൾക്കുക" (*അകൗവുവോ*) എന്നതുമായി ബന്ധപ്പെട്ട വാക്ക് പതിനഞ്ചു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. യേശു വിവിധ പ്രബോധനങ്ങൾ നൽകിയിരിക്കുന്നു - ഒരു അനുഗ്രഹവും - ശ്രദ്ധിച്ചു കേൾക്കു

ന്നതിന്റെ പ്രാധാന്യം ഊന്നി പറഞ്ഞിരിക്കുന്നതിനാൽ മനസിലാക്കുവാൻ സഹായിക്കും (13:9, 16, 18, 43).

പരസ്പര ബന്ധമുള്ള ഏഴോ എട്ടോ ഉപമകൾ ഈ പാഠത്തിൽ കാണാം,[5] എന്നാൽ താരതമ്യം സാധാരണയല്ല. “സ്വർഗരാജ്യത്തിന്റെ മർമ്മം അറിയുവാനായിരുന്നു” (13:11) ശിഷ്യന്മാരോട് ഉപമകളിൽ സംസാരിച്ചതെന്ന് ക്രിസ്തു പറഞ്ഞു. നമുക്ക് അത്, സ്വർഗ രാജ്യത്തിന്റെ ഉത്ഭവവും, സ്വഭാവവും, അതിന്റെ വളർച്ചയും, വ്യാപ്തിയും, അതിന്റെ വിലയും, ഉദ്ദേശവും വെളിപ്പെടുത്തി തരുന്നു. ക്രിസ്തുവിനെയും അവന്റെ രാജ്യത്തെയും തള്ളിക്കളയുന്നവർക്കു വരുവാനിരിക്കുന്ന ന്യായവിധിയെയും അതു വെളിപ്പെടുത്തുന്നു.

യേശു യെഹൂദ മതാദ്ധ്യക്ഷന്മാരുമായി ഏറ്റുമുട്ടിയശേഷമാണ് അദ്ധ്യായം 13 ലെ ഉപമകൾ വരുന്നത്. അതിൽ സ്വർഗരാജ്യത്തെ കുറിച്ചുള്ള കൂടുതൽ ഉപദേശവും അവനെ അനുഗമിക്കുന്നതിൽ അന്തർലീനമായിരിക്കുന്നതും ആ ഉപമകളിൽ ചിത്രീകരിച്ചിരിക്കുന്നു. അവർ യേശുവിനെയോ അതോ പരീശന്മാരെയോ ആരെ പിൻപറ്റുമെന്ന വെല്ലുവിളിയാണ് അവൻ കേൾവിക്കാർക്ക് നൽകിയത്. അവർ നല്ല മണ്ണായിരിക്കുമോ അതോ പാറയുള്ള മണ്ണോ? അവർ കോതമ്പായിരിക്കുമോ, അതോ കളയായിരിക്കുമോ? അവർ ദൈവരാജ്യത്തെ ഒരു നിധി എന്ന പോലെ കണക്കാക്കുമോ?

ഉപമകളും, അവയുടെ മുഖ്യപോയിന്റുകളും താഴെ കൊടുത്തിരിക്കുന്നതുപോലെ ചുരുക്കി പറയാം:

1. *വിതെക്കുന്നവൻ*: വിവിധരീതിയിൽ പ്രതികരണശേഷിയുള്ള ആളുകൾക്കിടയിൽ ദൈവ വചനം വിതെച്ചു.
2. *കളകൾ*; അന്തിമ ന്യായവിധി വരെ നന്മയും തിന്മയും തമ്മിലുള്ള വിഷമ സന്ധികളുണ്ടാകും.
3. *കടുകുമണി*: ദൈവരാജ്യം ചെറുതായിട്ടാണ് തുടങ്ങുന്നതെങ്കിലും, അതിന്റെ വളർച്ച അപാരമായിരിക്കും.
4. *പുളിച്ച മാവ്*: ദൈവ രാജ്യം സമൂഹത്തിൽ വ്യാപിച്ച്, നിലനിൽക്കുന്ന ഫലം ഉളവാക്കും.
5. *ഒളിച്ചുവെച്ച നിധി*: രാജ്യവും അതിന്റെ സത്യവും വളരെ വിലയുള്ളതാണ്, മറഞ്ഞിരിക്കുന്ന അവസ്ഥയിൽ പോലും അതു വാസ്തവമാണ്.
6. *വിലയേറിയ മുത്ത്*: രാജ്യവും അതിന്റെ സത്യങ്ങളും ഉൽസാഹത്തോടെ അന്വേഷിക്കുവാൻ യോഗ്യമാണ്.
7. *വല*: ആരാണ് വാസ്തവത്തിൽ ദൈവരാജ്യത്തിലെ അവകാശികൾ എന്നു തെളിയിക്കുന്നതാണ് അന്തിമ വിധി.
8. *വീട്ടുടയവൻ*: യേശുവിന്റെ വാക്കുകൾ കൈക്കൊണ്ട്, അവയെ മുറുകെ പിടിക്കുന്നവനാണ് ആത്മികമായി ധനികൻ.[6]

ആമുഖ ഉപമയും ഉപസംഹാര ഉപമയും ചേർത്ത് അദ്ധ്യായം ശ്രദ്ധാപൂർവ്വം സംയോജിപ്പിച്ചിരിക്കുന്നു. യേശുവിന്റെ ഉപമയുടെ ഉദ്ദേശം രണ്ടുപ്രാവശ്യം പറയുകയും, രണ്ട് ഉപമകൾ വിശദീകരിക്കയും ചെയ്തിരിക്കുന്നു. മൂന്നെണ്ണമുള്ള രണ്ടു സെറ്റുകളായിട്ടാണ് ഈ അദ്ധ്യായത്തിലെ മറ്റു ഉപമകൾ കാണുന്നത്. താഴെ കൊടുത്തിരിക്കുന്ന ബാഹ്യരൂപരേഖയിൽ അദ്ധ്യാ

യത്തിലെ ഉള്ളടക്കം കാണാം:[7]

I. ആമുഖ ഉപമ: വിതെക്കുന്നവൻ (13:1-9)
II. ഒരു ഇടവേള (13:10-23)
    A. ഉപമകളുടെ ഉദ്ദേശം (13:10-17)
    B. വിതെക്കുന്നവന്റെ ഉപമ വിശദീകരിക്കൽ (13:18-23)
III. മൂന്നു ഉപമകൾ (13:24-33)
    A. കളകൾ (13:24-30)
    B. കടുക് മണി (13:31, 32)
    C. പുളിച്ച മാവ് (13:33)
IV. ഒരു ഇടവേള (13:34-43)
    A. ഉപമകളുടെ ഉദ്ദേശം (13:34, 35)
    B കളകളുടെ ഉപമ വിശദീകരിക്കൽ (13:36-43)
V. മൂന്നു ഉപമകൾ (13:44-50)
    A. ഒളിച്ചുവെച്ച നിധി (13:44)
    B. വിലയേറിയ മുത്ത് (13:45, 46)
    C. വല (13:47-50)
VI. അവസാന ഉപമ: വീട്ടുടയവൻ (13:51, 52)

കുറിപ്പുകൾ

[1]ന്യായാ 9:7-20; 2 ശമു 12:1-14; 2 രാജാ 14:8-14; യെശ 5:1-7; 27:2-6; യിരെ 13:1-11; യെഹ. 15:1-8; 17:1-10; 19:1-14; 23:1-49. ഈ ഉദാഹരണങ്ങളിൽ ചിലത് സാദൃശമായോ, ദൃഷ്ടാന്തമായോ കണക്കാക്കാം. [2]ഡേവിഡ് ഹിൽ, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്,മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 224. [3]ക്ലിൻ ആർ. സ്നോഡ്ഗ്രാസ്, "പാരബിൾ," ഇൻ ഡിക്ഷ്ണറി ഓഫ് ജീസസ് ആന്റ് ദ ഗോസ്പെൽസ്, എഡി. ജോവേൽ ബി.ഗ്രീൻ ആന്റ് സ്കോട്ട് മെക്നൈറ്റ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 593. [4]സിരാഖ് 39:2; 47:17; 1 *ഏനോക്* 1.2, 3 മിഷ്നാ *സോതാഹ്* 9.15 നോക്കുക. [5]ഏഴായി എണ്ണുന്നവർ 13:52 ലേത് ഉപമയായി കാണുന്നില്ല. എന്നാൽ എട്ടായി എണ്ണുന്നവർ അതിനെ ഉപമയായി കാണുന്നു. [6]എടുത്തിരിക്കുന്നത് എച്ച്. ലിയോ ബോൾസ്, *എ കമെന്ററി ഓൺ ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (നാഷിലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1936), 305. [7]എടുത്തിരിക്കുന്നത് ആർ. ടി. ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 216.